"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - സിവിൽ സപ്ലൈസ് കോർപ്പറേഷൻ എറണാകുളം മേഖലയിലെ മൂവാറ്റുപുഴ ഡിപ്പോയ്ക്ക് കീഴിൽ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിൽ ജോലിയിലിരിക്കെ 13/03/2022 ൽ മരണപ്പെട്ട ലിജോ പി.കെ യുടെ ഭാര്യ ശ്രീമതി അംബിക പി.എൻ . - ന് എറണാകുളം ജില്ലയിൽ സിവിൽ സപ്ലൈസ് കോർപ്പറേഷനു കീഴിൽ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു

---

**ഭക്ഷ്യ പൊതുവിതരണ (സി) വകുപ്പ്**

സ.ഉ.(കൈ) നം.1/2025/F&CS തീയതി,തിരുവനന്തപുരം, 04-02-2025

---

പരാമർശം:-

1. 24/05/199 തീയതിയിലെ സ.ഉ. (പി) നം. 12/1999/ഉ.ഭ.പ.വ.
2. 07/06/2007 തീയതിയിലെ സ.ഉ. (അച്ചടി) നം. 32/2007/പ്ലാനിംഗ്
3. 21/02/2018 തീയതിയിലെ സ.ഉ.(കൈ) നം. 05/2018/ഉ.ഭ.പ.വ
4. 28/04/2018 തീയതിയിലെ സ.ഉ.(അച്ചടി) നം.07/2018/ഉ.ഭ.പ.വ.
5. 30/03/2024 തീയതിയിൽ ശ്രീമതി അംബിക പി.എൻ. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സമർപ്പിച്ച അപേക്ഷ.
6. എറണാകുളം ജില്ലാ കളക്ടറുടെ 26/11/2024 തീയതിയിലെ DCEKM/10956/2024/E5 നമ്പർ കത്ത്.
7. സപ്ലൈകോ ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 16/12/2024 ലെ KSCSC/4798/2024-D6(ADMN) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ എറണാകുളം മേഖലയിലെ മൂവാറ്റുപുഴ ഡിപ്പോയ്ക്ക് കീഴിൽ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിൽ ജോലിയിലിരിക്കെ 13/03/2022 തീയതിയിൽ മരണപ്പെട്ട ലിജോ പി.കെ യുടെ ഭാര്യ, ശ്രീമതി അംബിക പി.എൻ, പാറക്കൽ ഹൗസ്, കാവലങ്ങാട്, നെല്ലിമറ്റം. പി.ഒ., കോതമംഗലം, എറണാകുളം പരാമർശം (5) പ്രകാരം സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ, പരാമർശം (6) പ്രകാരമുള്ള എറണാകുളം ജില്ലാ കളക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, സപ്ലൈകോ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ പരാമർശം (7) പ്രകാരം ടിയാൾക്ക് സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിനുള്ള ശിപാർശ ജില്ലാ കളക്ടറുടെ റിപ്പോർട്ട് സഹിതം സർക്കാരിൽ തുടർ നടപടികൾക്കായി സമർപ്പിക്കുകയുണ്ടായി.

2) ലിജോ പി.കെ., 15/02/2006 ൽ സർവ്വീസിൽ പ്രവേശിക്കുകയും, സപ്ലൈകോ മൂവാറ്റുപുഴ താലൂക്ക് ഡിപ്പോയ്ക്ക് കീഴിൽ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിൽ സേവനമനുഷ്ഠിച്ചു വരവെ 13/03/2022-ൽ മരണപ്പെട്ടിട്ടുള്ളതാണ്. ടിയാന്റെ ജനനത്തീയതി 25/01/1970-ഉം, സർവ്വീസിൽ നിന്നും വിരമിക്കേണ്ടിയിരുന്നത് 31/01/2026 തീയതിയിലുമാണ്. മരണപ്പെടുമ്പോൾ ടിയാൻ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ 16 വർഷവും 27 ദിവസവും സേവനകാലം പൂർത്തിയാക്കിയിരുന്നു.

3) പരേതന്റെ ഭാര്യയായ ശ്രീമതി അംബിക പി.എൻ.-ന്റെ ജനനത്തീയതി 27/10/1976 ആണ്. സ്കൂൾ രേഖകൾ പ്രകാരം അപേക്ഷയ്ക്ക് 48 വയസ്സ് പൂർത്തിയായിട്ടുണ്ട്. 22/03/2024-തീയതിയിലെ കുട്ടമംഗലം വില്ലേജ് ഓഫീസർ നൽകിയിട്ടുള്ള കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റ് പ്രകാരം അപേക്ഷകയുടെ വാർഷിക വരുമാനം 60,000/- രൂപയാണ്. ശ്രീമതി അംബിക പി.എൻ.- പത്താം ക്ലാസ്സ് പരീക്ഷ പാസ്സായിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ എറണാകുളം ജില്ലയിൽ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിലേയ്ക്കാണ് ശ്രീമതി അംബിക പി.എൻ നിയമനം അഭ്യർത്ഥിച്ചിട്ടുള്ളത്. മറ്റ് അവകാശികൾ അപേക്ഷകയ്ക്ക് ആശ്രിതനിയമനം നൽകുന്നതിന് അനുകൂലമായി മൊഴി നൽകിയിട്ടുണ്ട്. ആശ്രിതരെ സംരക്ഷിച്ചു കൊള്ളാമെന്നുള്ള അപേക്ഷകയുടെ സംരക്ഷണമൊഴിയും അപേക്ഷയുടെ കൂടെ ലഭ്യമാക്കിയിട്ടുണ്ട്. ടി ജോലിക്കായി നിർദ്ദിഷ്ട യോഗ്യത ആർജിച്ചിട്ടുള്ള അപേക്ഷകയുടെ മറ്റ് അവകാശികളാരും തന്നെ ജോലിയ്ക്കായി അപേക്ഷ സമർപ്പിക്കുകയോ, അവർക്ക് ജോലി ലഭിക്കുകയോ ചെയ്തിട്ടില്ലായെന്ന് എറണാകുളം ജില്ലാകളക്ടർ പരാമർശം (6) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) സപ്ലൈകോ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച ശിപാർശ, എറണാകുളം ജില്ലാ കളക്ടറുടെ റിപ്പോർട്ട്, മറ്റ് അനുബന്ധരേഖകൾ എന്നിവ വിശദമായി പരിശോധിക്കുകയുണ്ടായി. സപ്ലൈകോ ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിലും, എറണാകുളം ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, കേരള സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ എറണാകുളം മേഖലയിലെ മൂവാറ്റുപുഴ ഡിപ്പോയ്ക്കു കീഴിൽ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിൽ ജോലിയിലിരിക്കെ 13/03/2022-ൽ മരണപ്പെട്ട ലിജോ പി.കെ യുടെ ഭാര്യ ശ്രീമതി അംബിക പി.എൻ.-ന് കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിൽ അസിസ്റ്റന്റ് സെയിൽസ്മാനായി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം, എറണാകുളം ജില്ലയിൽ, നിയമനം നൽകുന്നതിന് സപ്ലൈകൊ ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

5) കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ നിയമനാധികാരി, ഇത് നിയമനം നേരിട്ടുള്ള നിയമനം എന്ന രീതിയിൽ, എല്ലാ നടപടിക്രമങ്ങളും പാലിച്ച് കൊണ്ട് ഔദ്യോഗിക നിയമന ഉത്തരവ് നൽകേണ്ടതും, അസ്സൽ സർട്ടിഫിക്കറ്റുകൾ, വിദ്യാഭ്യാസ യോഗ്യത, ജനനത്തീയതി, ഐഡന്റിറ്റി ഉൾപ്പെടെയുള്ള പരിശോധനയ്ക്കു ശേഷം ജോലിയിൽ പ്രവേശിപ്പിക്കേണ്ടതുമാണ്. നിയമന ഉത്തരവിന്റെ പകർപ്പ് യഥാസമയം സർക്കാരിലേയക്ക് ലഭ്യമാക്കേണ്ടതാണ്. സിവിൽ സർജന്റെ റാങ്കിൽ കുറയാത്ത രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണറിൽ നിന്ന് ലഭിച്ച ശാരീരിക ക്ഷമത സർട്ടിഫിക്കറ്റ്, ഒരു ഗസറ്റഡ് ഓഫീസറിൽ നിന്ന് ലഭിച്ച പെരുമാറ്റ / സ്വഭാവ സർട്ടിഫിക്കറ്റ് എന്നിവ

ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് അപേക്ഷക ഹാജരാക്കേണ്ടതാണ്. മരണപ്പെട്ട ജീവനക്കാരന്റെ സേവന പുസ്തകത്തിലും, ജീവനക്കാരൻ അവസാനമായി സേവനമനുഷ്ഠിച്ചിരുന്ന വിഭാഗത്തിന്റെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും നിയമന വിവരം രേഖപ്പെടുത്തേണ്ടതും, ആയത് ബന്ധപ്പെട്ട അധികാരി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. സാധുവായ അപേക്ഷ തീയതിയായ 30/03/2024 അടിസ്ഥാനമാക്കി അപേക്ഷകയുടെ നിയമനത്തിനായുള്ള സീനിയോരിറ്റി കണക്കാക്കേണ്ടതാണ്. നിയമനം നൽകി ആറുമാസത്തിനുള്ളിൽ അപേക്ഷകയുടെ വിദ്യാഭ്യാസയോഗ്യതയുടെ ആധികാരികത നിയമനാധികാരി ഉറപ്പ് വരുത്തേണ്ടതാണ്.

6) മേൽ നിയമനം തീർത്തും താൽക്കാലികമായിരിക്കും എന്തെന്നാൽ ആശ്രിത നിയമനത്തിനുള്ള അപേക്ഷ സമർപ്പിക്കുന്ന സമയത്തോ, നിയമനം ലഭിച്ച ശേഷം വകുപ്പിൽ നിന്നുള്ള അന്വേഷണ സമയത്തോ, അപേക്ഷകയെ സംബന്ധിക്കുന്ന എന്തെങ്കിലും വിവരങ്ങൾ തെറ്റായി നൽകിയതായോ, മറച്ചു വച്ചതായോ സർക്കാരിനു ബോധ്യമാകുന്നപക്ഷം സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരമുള്ള നിയമനം സർക്കാർ റദ്ദ് ചെയ്യുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജിത് കുമാർ ഐ എ എസ്
സെക്രട്ടറി

ശ്രീമതി അംബിക പി.എൻ., പാറക്കൽ ഹൗസ്, കാവലങ്ങാട്, നെല്ലിമറ്റം. പി.ഒ., കോതമംഗലം, എറണാകുളം
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ, കൊച്ചി.
ജില്ലാ കളക്ടർ, എറണാകുളം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം.
വിവര സാങ്കേതിക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി (File No. C3/117/2024)

ഉത്തരവിൻ പ്രകാരം
Signed by
Sneha S Nair
Date: 04-02-2025 16:26:08
സെക്ഷൻ ഓഫീസർ

പകർപ്പ്:-
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ഭക്ഷ്യ പൊതുവിതരണ വകുപ്പ് സെക്രട്ടറിയുടെ സി.എ.യ്ക്ക്
ഭക്ഷ്യ പൊതുവിതരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്